## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 4695 — 22.03.2018-ൽ മറുപടിക്ക്

**തൃശ്ശൂർ ജില്ലയിൽ മുദ്ര പത്രങ്ങൾക്കുള്ള ക്ഷാമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയടക്കമുള്ള വിവിധ പ്രദേശങ്ങളിൽ 10, 20, 50, 100 രൂപയുടെ മുദ്രപത്രങ്ങൾ ലഭ്യമല്ലാത്തത് മൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്ത് പ്രാദേശികമായി 50/-, 100/- രൂപയുടെ നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ബി) ഇത് പരിഹരിക്കുന്നതിനായി ഇവ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | ബി) 50/-, 100/- രൂപ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ മുദ്രപ്പത്ര ലഭ്യതയുള്ള മറ്റ് ട്രഷറികളിൽ നിന്നും മുദ്രപത്രം എത്തിച്ച് ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ, 50, 100 രൂപ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും, 7 മുതൽ 10 രൂപ വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും പുനർമൂല്യനിർണ്ണയം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ റീവാലിഡേറ്റ് ചെയ്ത മുദ്രപ്പത്രങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ